**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5017 **24.07.2015** ലെ മറുപടിക്ക്

**വീട് മെയിന്റനൻസിന് നൽകുന്ന തുക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിവിഭാഗക്കാർക്ക് നൽകിയ വീടുകളിൽ ഭാഗികമായി നിർമ്മിച്ച വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് എത്ര രൂപ വീതമാണ് നല്കുക; ഇപ്പോൾ നൽകുന്ന തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ ധനസഹായ തുക നിലവിൽ 3 ലക്ഷം രൂപയാണ്. 2007-08 മുതൽ 2013-14 വരെ വകുപ്പിൽ നിന്നും ഭവനനിർമ്മാണ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നല്കിവരുന്നു. പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്കുള്ള ഭവനനിർമ്മാണ ധനസഹായ തുക 2014 ഒക്ടോബറിലാണ് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത്. ഈ തുകയിൽ വർദ്ധനവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | വീട് മെയിന്റനൻസിനു നൽകി വരുന്ന തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഭവനപുനരുദ്ധാരണ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 2 ഗഡുക്കളായി 50,000/- രൂപ നല്കിവരുന്നു. ഭവനപുനരുദ്ധാരണ ധനസഹായതുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

Haripriya

സെക്ഷൻ ഓഫീസർ